19/1/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം, തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 2091*(2)/2021*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **17424**/*എസ്.ഐ.സി-ജി 6/21*)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. എൻ.ബൈജു,
കപ്പൂരി വിളാകം, വക്കം പി.ഒ.,
തിരുവനന്തപുരം – 695 308. } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
   ഡെപ്യൂട്ടി എക്സിക്യൂട്ടീവ് എഞ്ചിനീയർ,
   പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗം,
   തിരുവനന്തപുരം.

2. അപ്പീൽ അധികാരി&
   എക്സിക്യൂട്ടീവ് എഞ്ചിനീയർ,
   എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം,
   ദേശീയപാത വിഭാഗം,തിരുവനന്തപുരം.

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 09.09.2021 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 29.09.2021 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 18.10. 2021 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 29.10.2021 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 29.11.2021 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 28.12.2021 |
| ഹിയറിംഗ് നടന്ന തീയതി | 08.12.2022, കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. എൻ.ബൈജു., 29.11.2021ന് സമർപ്പിച്ച അപ്പീൽ ഹർജി 28.12.2021ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.2091(2)/21/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ലെന്നാണ്.

3. അപ്പീൽ ഹർജിക്കാരൻ 09.09.2021ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, ദേശീയപാതാ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറായി സേവനമനുഷ്ഠിച്ചു വരവെ മരണപ്പെട്ട ശ്രീമതി.എം.വി.സോണിയ സർവ്വീസിൽ ചേർന്ന തീയതി മുതൽ നാളിതുവരെയുള്ള വിവരങ്ങൾ ചേർത്തിട്ടുള്ള സേവന പുസ്തകത്തിന്റെ ശരിപ്പകർപ്പ് നൽകണമെന്നാണ്.

ആയതിന് 29.09.2021ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ടിയാൻ ആവശ്യപ്പെട്ട വിവരം ഒരു മൂന്നാം കക്ഷിയുമായി ബന്ധപ്പെട്ടതായതിനാൽ വിവരാവകാശ നിയമം 11(1) പ്രകാരം ആയത് അനുവദിക്കാൻ നിർവ്വാഹമില്ലെന്നാണ്.

4. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 29.10.2021ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ടി ഓഫീസിൽ അസിസ്റ്റന്റ് എഞ്ചിനീയറായി സേവനമനുഷ്ഠിച്ചു വരവെ 26.12.2017ന് മരണമടഞ്ഞ ശ്രീമതി സോണിയ എം.വി.യുടെ ആശ്രിതർക്ക് ശമ്പള കുടിശ്ശിക നൽകുന്നതിനായി ബഹു. വർക്കല മുൻസിഫ് കോടതി പുറപ്പെടുവിച്ചിട്ടുള്ള പിന്തുടർച്ചാവകാശ സർട്ടിഫിക്കറ്റ് OP(SUC)No.3/19 തീയതി 10.03.2020 പ്രകാരം പരേതയുടെ അമ്മയായ വിലാസിനി എം., മകളായ ശിവപ്രിയ ബി.എസ്. എന്നിവരെയാണ് അവകാശികളായി കോടതി ഉൾപ്പെടുത്തിയിട്ടുള്ളതെന്നാണ്. ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരം ഒരു മൂന്നാം കക്ഷിയുമായി ബന്ധപ്പെട്ടതായതിനാലും അപേക്ഷയിൽ പൊതു താല്പര്യം ഇല്ലാത്തതിനാലും അപ്പീൽ പരിഗണിക്കാൻ നിർവ്വാഹമില്ലെന്നാണ് അറിയിച്ചത്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന്റെ വിവരാവ

കാശ അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും തൃപ്തികരമായ മറുപടി ലഭിച്ചില്ലെന്നാണ് ടിയാൻ കമ്മീഷൻ മുമ്പാകെ ആക്ഷേപമുന്നയിച്ചിരിക്കുന്നത്. മൊഴിയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ, കമ്മീഷന്റെ നിർദ്ദേശപ്രകാരം 09.12.2022ൽ ഹർജിക്കാരന് വ്യക്തമായ വിവരം നൽകിയതിനാൽ ഈ അപ്പീൽ ഹർജി ഇന്നേദിവസം 2022 ഡിസംബർ 26–ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)
Ge/